# ഇരുട്ടിന്റെ ആത്മാവ്

ആനന്ദീ രാമചന്ദ്രൻ



ഇരുട്ടിന്റെ ആത്മാവ്
Anandi Ramachandran
(Malayalam: Short story)

© 2020, Anandi Ramachandran
These electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: Birth of Christ, Övergran Church, a painting by Gabriel Hildebrand. The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഇരുട്ടിന്റെ ആത്മാവ്



ലൈറ്റൊക്കെ അണച്ച് ഇരുട്ടത്ത് ഇരിക്കാനാ അവൾക്കിഷ്ടം. ഇരുട്ട് ഒരു കൂട്ടാണ്; ഒന്നും പറയാത്ത, ഒന്നും ചോദിക്കാത്ത, ഒന്നും കാണാത്ത കൂട്ട്.

'നീ എന്താ കൊച്ചേ ഇരുട്ടത്തിരിക്കുന്നേ, ലൈറ്റിടരുതോ?'

ലൈറ്റിട്ട് തോമാച്ചന്റെ വക്രിച്ച മുഖം കാണാനോ എന്നവൾ ചോദിച്ചില്ല.

തോമ്മാച്ചന്റെ ഉരുക്ക് മുഷ്ടി തന്റെ മാറിലേക്കമർന്നത് അവളറിഞ്ഞു.

'ഈശോയെ, ഈ പാരക്രമം എന്നോടെന്തിനെന്ന്', ആരോ എപ്പോഴോ ചോദിച്ചതവൾ ഓർത്തു.

ഇരുട്ടത്ത് സംഭവിക്കുന്നതൊന്നും പകലിൽ അവൾ ഓർക്കാതിരിക്കാൻ ശ്രമിച്ചു.

ഇയാളെ കെട്ടാൻ സമ്മതിച്ചത് ഏത് നേരത്താണോ! അപ്പച്ചനും അമ്മച്ചിയും പറഞ്ഞതാണ് നിനക്ക് പിടിച്ചെങ്കിൽ കെട്ടിയാ മതിയെന്ന്.

അയാളുടെ ജോലിയും തണ്ടും തടിയും കണ്ടപ്പോൾ സമ്മതിച്ചു. മുഖത്ത് അത്ര ചന്തമൊന്നമില്ലെന്നത് അന്ന് കാര്യമായെടുത്തില്ല.

കുറ്റം പറയരുതല്ലോ, ആദ്യരാത്രിയിൽ, തന്നെ ഒട്ടും ശല്യം ചെയ്തില്ല. തന്റെ സമ്മതമില്ലാതെ ഒന്നിനും നിർബന്ധിക്കാറുമില്ല.

സിസിലി ഓർത്തു, പിന്നെ എന്താ തനിക്കയാളെ പിടിക്കാതായത്! ഇരുട്ടിനോടവൾ പലകുറി ഈ ചോദ്യം ചോദിക്കാറുണ്ട്.

പകലൊക്കെ വാതിലും ജനാലയുമൊക്കെ അടച്ച് ഇരുട്ടത്തിരിക്കുന്നത് കാണുമ്പോൾ കൊച്ചുത്രേസ്യക്കുട്ടി ചോദിക്കാറുണ്ട്;

'ഈ അമ്മച്ചിക്ക് എന്തിന്റെ സൂക്കേടാ, മൂടിക്കെട്ടി ഇരുട്ടത്തെപ്പോഴും ഇരിക്കുന്നെ?'

വെളിച്ചം വന്നാൽ നിന്റെ ഉണ്ടക്കണ്ണും ഉന്തിയ മൂക്കും കാണേണ്ടി വരില്ലേ എന്നു പറഞ്ഞില്ല.

സിസിലി കർത്താവിന്റെ പടത്തിൽ നോക്കി പ്രാർത്ഥിച്ചു;

'എന്റെ കർത്താവേ, നീ എന്തിന് ഈ വെളിച്ചം കണ്ടുപിടിച്ചു?'

കർത്താവിന്റെ കണ്ണുകൾ തിളങ്ങി. പുഞ്ചിരിച്ച് കൊണ്ട് കർത്താവ് പറഞ്ഞു;

'സിസിലിമോളെ നിനക്ക് വെളിച്ചം വേണ്ടെന്ന് കരുതി മറ്റുള്ളവരുടെ വെളിച്ചം നീ കെടുത്തണോ? കണ്ണടച്ചിരുന്നാൽ പോരെ?'

'എന്റെ കർത്താവേ ഈ ഐഡിയാ എന്തേ നേരത്തേ പറഞ്ഞു തരാത്തെ?'

'നീ ചോദിച്ചില്ലല്ലോ'

'അത് ശരിയാണ്. കർത്താവിന് ബുദ്ധിയുണ്ട്. ചുമ്മാ അല്ല എല്ലാരും നിന്നെ കർത്താവേ എന്ന് വിളിക്കുന്നത്!'

'നിന്നെ കാണാൻ അശ്വതി വന്നിട്ടുണ്ട്'

അശ്വതി കോളേജിൽ എന്റെ ക്ലാസ് മേറ്റായിരുന്നു. അമ്മച്ചി അവളെ അകത്തോട്ട് കൂട്ടികൊണ്ടുവന്നു.

ഞാൻ കണ്ണടച്ചിരിക്കുന്നത് കണ്ട് അവൾ ചോദിച്ചു;

'നീ പ്രാർത്ഥിക്കുകയാണോ?'

'ഉം'

കണ്ണു തുറന്ന് അവളെ നോക്കി. സുന്ദരിയാണവളിന്നും.

'നിനക്ക് ഒരു വ്യത്യാസവുമില്ല.'

'നിനക്കും. നീ ഓർക്കുന്നുണ്ടോ, നമ്മുടെ കൂടെ പഠിച്ചിരുന്ന ചക്കോച്ചനെ.'

'ഓ... ആ വെള്ളപാറ്റയെ!'

'ഇന്നലെ ഞാനയാളെ എയർപോർട്ടിൽ വച്ച് കണ്ടു. നിന്നെ കാണാറില്ലേ എന്ന് ചോദിച്ചു. അപ്പോഴാണ് ഞാനോർത്തത്, നിന്നെക്കണ്ടിട്ട് ഒത്തിരി നാളായ കാര്യം. നീ സുന്ദരിയാണെങ്കിലും ഒരു കുറുമ്പിയാണെന്ന് ഒരിക്കൽ അയാള് പറഞ്ഞതോർക്കുന്നുണ്ടോ?'

'അത് അയാളെന്നെ കെട്ടണമെന്ന് പറഞ്ഞപ്പോൾ ഞാനൊരാട്ട് കൊടുത്തു'

'സത്യത്തിൽ അയാൾക്കു നിന്നെ ഇഷ്ടമായിരുന്നു. പിന്നെന്തേ നീ അങ്ങനെ ചെയ്തത്?'

'അയാളൊരു സുന്ദരനായിരുന്നെടി. എന്നെ കെട്ടിയിട്ട് ആരെയെങ്കിലും കൂടെ അയാള് പോയാലോ എന്ന് കരുതി.'

'ഞാൻ കണ്ടു അയാളുടെ ഭാര്യയെ. ഒരു കറുത്ത് തടിച്ച സാധനം. പക്ഷേ അയാളുടെ പെരുമാറ്റത്തിൽ നിന്ന് തോന്നി, അയാൾക്കവളെ വലിയ ഇഷ്ടാണെന്ന്.'

'അത് ഒരു തരം സിംപതിയാണ്.'

'അത് പോട്ടെ. നീയിപ്പോൾ എന്ത് ചെയ്യുന്നു?'

'ഒന്നും ചെയ്യുന്നില്ല.'

'നീ പഠിക്കാൻ മിടുക്കിയായിരുന്നല്ലോ! പഠിത്തം കഴിഞ്ഞ് അതേ കോളേജിൽ പഠിപ്പിക്കാൻ പോണെന്നല്ലേ നീ പറഞ്ഞത്.'

'അപ്പോഴേക്കും തോമാച്ചനെന്നെ കെട്ടിയില്ലേ. പിന്നെ അങ്ങേരെ മേയ്ക്കലായിരുന്നു എന്റെ പണി'.

'ഞാൻ ചോദിക്കാൻ വിട്ടുപോയി, നിനക്കൊരു ചെറുക്കനെ ഇഷ്ടമായിരുന്നില്ലേ, ഡാനിയൽ. നമ്മുടെ സീനിയറായി പഠിച്ചിരുന്ന... അതെന്തായെടാ?'

'ഓ... വീട്ടുകാര് സമ്മതിച്ചില്ല. അവൻ നസ്രാണി അല്ലാരുന്നോ! അവനുമത് മനസ്സിലായി. ഞങ്ങൾ പിരിഞ്ഞു. അവൻ വേറെ കെട്ടി. ചിലപ്പോഴൊക്കെ എന്നെ വിളിക്കാറുണ്ട്. അതും ഒരു സുഖം. നിരുപദ്രവപരമായ ഒരു സുഖം.

ഒരിക്കൽ ഒരു റെസ്റ്റോറണ്ടിൽ മീറ്റ് ചെയ്തു. വിവരം ഞാൻ പ്രമോദിനോട്, എന്റെ ഭർത്താവിനോട് പറഞ്ഞു. ഒരു പൊട്ടിത്തെറി പ്രതീക്ഷിച്ചു. ആശാൻ കുറ്റപ്പെടുത്തിയില്ലെന്ന് മാത്രമല്ല, സുഹൃദ്ബന്ധങ്ങൾ ഒന്നിന്റെ പേരിലും നഷ്ടപ്പെടുത്തരുതെന്ന് പറഞ്ഞു. പിന്നെ വല്ലപ്പോഴും ഞങ്ങൾ ഒത്തുകൂടും. ഡാനിയലിന്റെ കുടുംബവും ഞങ്ങളും. ഒരു ജീവിതമല്ലേ ഉള്ളെടാ, എന്തിന് വാശിയും വൈരാഗ്യവും.'

'ഞാൻ പോട്ടേടീ. അടുത്ത തവണ വരുമ്പോൾ കാണാം.'

അവൾ പോയ പുറകെ അമ്മച്ചി വന്നു. അമ്മച്ചീടെ തലയിൽ ഒരു കൊമ്പ്. കവിള് വീർത്ത് കാണ്ടാമൃഗത്തെപ്പോലുണ്ട്.

വെളിച്ചത്ത് ഇവരെന്താ ഇങ്ങനെ! ഈശോ പറഞ്ഞത് മാതിരി കണ്ണുകൾ ഇറുക്കിയടച്ചിരുന്നു.

അപ്പച്ചൻ പറഞ്ഞു;

'സിസിലി, നീയൊന്ന് പള്ളീല് ചെല്ല്. കുറച്ച് നാളായി അച്ചൻ നിന്നെ തിരക്കണു. ഇന്ന് ഞായറാഴ്ചയല്ലേ അമ്മച്ചിയേയും കൂട്ടി പോ.'

ഒന്ന് മൂളി. അപ്പച്ചന്റെ മുഖത്ത് നോക്കിയില്ല. ചപ്പിയ മൂക്കും ചീമ്പിയ കണ്ണും തന്നെ അറപ്പിക്കും.

കാണ്ടാമൃഗത്തിനോടൊപ്പം പള്ളിയിൽ പോയി.

വഴിക്ക് മുഴുവൻ വിചിത്ര ജീവികൾ. പള്ളിക്കകത്ത് നിറയെ കുരങ്ങന്മാർ!

ളോഹയിട്ട ഒരു ചിമ്പാൻസി സ്റ്റേജിൽ വന്ന് എന്തൊക്കെയോ ഉറക്കെ പറഞ്ഞു കൊണ്ടിരുന്നു. ഒന്നും സിസിലിയുടെ തലയിൽ കയറിയില്ല. തലയോട്ടിൽ തട്ടി ചിതറിപ്പോയി.

അച്ചൻ കുർബാന കഴിഞ്ഞ് പള്ളിമേടയിലേക്ക് വിളിച്ചു;

'എന്താ സിസിലിയേ ഈ കേക്കണത്. മുറി അടച്ച് നീ എപ്പഴും ഇരുട്ടത്ത് ഇരിക്കണെന്ന്? തോമാച്ചൻ എന്ത് തെറ്റ് ചെയ്തിട്ടാ, നീ അയാളെ കാണുമ്പോൾ കണ്ണ് പൂട്ടി അടക്കണത്?'

'എന്റച്ചോ, എന്റെ വീട് മുഴുവൻ നരിച്ചീലുകളും കാണ്ടാമൃഗങ്ങളും പൊത്തകളുമാണ്. ഒന്ന് സൗകര്യമായി ഇരിക്കാനാ കണ്ണടയ്ക്കുന്നത്. അപ്പച്ചനാണ് പള്ളീ വാ, പള്ളീ വാ എന്നു പറഞ്ഞത്. അച്ചനെന്നാ ചിമ്പാൻസി ആയത്?'

അച്ചൻ അന്ധാളിച്ച് സിസിലിയെ നോക്കി;

'നീ എന്താണീപ്പറയണത്? ചിമ്പാൻസിയോ? നിന്റെ കണ്ണിനെന്ത് പറ്റി?'

'മനുഷ്യരെ കണ്ടിട്ട് എത്ര നാളായെന്നോ അച്ചോ. വളരെ നാളുകൾക്ക് ശേഷമാണ് എന്റെ കൂടെ പഠിച്ച അശ്വതിയെ കണ്ടത് മനുഷ്യരൂപത്തിൽ.'

'നിനക്കൊന്ന് കുമ്പസരിക്കണമോ?'

'എന്തിനച്ചോ? ഞാനാരോടും ഒരു കുറ്റോം ചെയ്തില്ല!'

തന്നെക്കാത്ത് ത്രേസ്യക്കുട്ടി വീട്ട് പടിക്കൽ നിൽപ്പായിരുന്നു.

'അച്ചനെ കണ്ടോ അമ്മച്ചീ?'

'ഉം'

'എന്ത് പറഞ്ഞു?'

'എന്തിനെ കുറിച്ച്?'

'അമ്മച്ചിയുടെ ഇരുട്ടിനോടുള്ള പ്രണയത്തെ പറ്റി.'

ഒന്നും പറയാതെ സിസിലി അകത്ത് കയറി.

ത്രേസ്യക്കുട്ടി പറഞ്ഞതെത്ര ശരി! തനിക്ക് ഇരുട്ടിനോടുള്ളത് ഒരുതരം കടുത്ത പ്രണയമാണ്.

അപ്പച്ചൻ ചോദിച്ചു;

'മോളെ നമുക്കൊരു സൈക്യാട്രിസ്റ്റിനെ കണ്ടാലോ?'

'അപ്പച്ചനെന്താ, വല്ല കുഴപ്പവും?'

'നിനക്ക് ഒത്തിരി മാറ്റം ഉണ്ട് മോളെ. എല്ലാവരെയും ഒഴിവാക്കുന്നു. ഇരുട്ടത്തെപ്പോഴും ഇരിക്കുന്നു.'

'അതിനെന്താ? നിങ്ങൾക്കൊന്നും ശല്യമില്ലല്ലോ!'

പിന്നൊന്നും പറയാതെ അപ്പച്ചൻ മുറിയിലേക്ക് പോയി.

രാത്രിയിൽ തപ്പിത്തടഞ്ഞ് ബാത്ത്റൂമിൽ പോകുന്നത് കണ്ടിട്ട് തോമാച്ചൻ പറഞ്ഞു;

'എന്തിലെങ്കിലും തട്ടിവീഴാതെ, ആ ലൈറ്റിട്ട്.'

'വേണ്ട തോമാച്ചാ, എനിക്കിവിടം സുപരിചിതമല്ലേ.'

തിരിച്ചുവന്ന് കട്ടിലിൽ കിടന്നു. തോമാച്ചന്റെ കൈകൾ തന്റെ കഴുത്തിൽ നിന്നും താഴേക്ക്, നെഞ്ചിലെത്തിയപ്പോൾ നിറുത്തി, എന്റെ അനുവാദത്തിനായി.

'ആയിക്കോ തോമാച്ചാ.'

പിന്നെ തോമാച്ചന്റെ പരുപരുത്ത കൈകൾ തന്റെ ശരീരമാകെ ഉഴുതു മറിച്ച് രാസക്രീഡയിലേക്ക് കടന്നു. തന്റെ കാതിലൂടെയും മൂക്കിലൂടെയും ഇരുട്ട് ആത്മാവിലേക്ക് പടർന്നുകയറി.

കൂർക്കംവലി തോമാച്ചന്റെ ഉറക്കം വിളിച്ചോതി. സിസിലി ആ കഷണ്ടിത്തലയിൽ തലോടി;

'അനുസരണയുള്ള പാവം!'

സിസിലി സ്നേഹത്തോടെ ആ തലയ്ക്കടിയിൽ കൈകൾ കടത്തിവച്ചു. കവിളുകളിൽ തലോടി. പുതപ്പെടുത്ത് പുതപ്പിച്ചു.

എഴുന്നേറ്റ് കർത്താവിന്റെ പടത്തിനരുകിൽ ചെന്നിരുന്നു. ഇരുട്ടത്ത് കർത്താവിന് തന്നെയും കാണാം, തനിക്ക് കർത്താവിനെയും കാണാം.

'കർത്താവേ, തോമാച്ചനെ ഒന്നു ഒഴിവാക്കിത്തരണേ.'

'സിസിലീ എന്താണ് നീ പറേണെ? തോമാച്ചനോട് എത്ര സ്നേഹത്തോടെ നീ പെരുമാറുന്നു! നിനക്ക് അയാളെ ഇഷ്ടമല്ലെന്നുണ്ടോ?'

'ഇഷ്ടമാണെന്ന് ആര് പറഞ്ഞു?'

'നിന്റെ ചെയ്തികളെല്ലാം ഞാൻ കണ്ടതല്ലേ! ചുമ്മാതല്ല എല്ലാരും പറേണത്, നിനക്ക് വട്ടാണെന്ന്.'

'ഈശോയെ, നീതന്നെ അത് പറയണം. എന്നെക്കൊണ്ട് എല്ലാം ചെയ്യിച്ചിട്ട്... അശ്വതി പറഞ്ഞത് ഈശോയേ നീ കേട്ടതല്ലേ? ഒരു ജീവിതമല്ലേ ഉള്ളൂ, എന്തിന് വാശിയും വൈരാഗ്യവുമെന്ന്.'

'ഞാനെന്ത് ചെയ്തെന്നാ നീ പറേണെ?'

'എല്ലാരെക്കൊണ്ടും എല്ലാം ചെയ്യിക്കുന്നത് നീയല്ലേ? എന്റെ ചുറ്റുമുള്ള വന്യജീവികളെ കാണാതിരിക്കാൻ കണ്ണടച്ചിരിക്കാൻ പറഞ്ഞതും കർത്താവേ, നീയല്ലേ?'

'നിന്റെ മനസ്സിന്റെ വിഭ്രാന്തിക്ക് ഞാനെന്ത് ചെയ്യാനാ! നിന്റെ അപ്പച്ചൻ പറഞ്ഞത് പോലെ ഒരു സൈക്യാട്രിസ്റ്റിനെ കാണൂ.'

'എല്ലാരെയും രക്ഷിക്കുമെന്ന് പറഞ്ഞ് നീ എന്തിന് കർത്താവായി നടക്കണത്? ചുമ്മാതല്ല എല്ലാരും കൂടി നിന്നെ കുരിശിൽ കേറ്റിയത്.'

സിസിലിക്ക് കർത്താവിനോട് വല്ലാത്ത ദേഷ്യം തോന്നി. അവൾ തിരിച്ച് കട്ടിലിൽ പോയിക്കിടന്നു.

'പാവം തോമാച്ചൻ. എന്നെ കുറ്റപ്പെടുത്താത്ത തോമാച്ചൻ! തോമാച്ചന്റെ കഷണ്ടിത്തലയിൽ അവൾ വിരലു കൊണ്ട് ചിത്രങ്ങൾ വരച്ചുകൊണ്ടിരുന്നു.'

നേരം വെളുക്കുന്നതിന് മുമ്പ് ഒന്നുകൂടി കർത്താവിന്റടുക്കൽ ചെന്നു.

'എന്നോട് പിണക്കാണോ?'

'എന്തിന്'

'ചീത്ത പറഞ്ഞതിന്'

'ഒത്തിരിപ്പേരുടെ ചീത്ത ഞാൻ കേട്ടിട്ടുണ്ട്. സഹിക്കാനും ക്ഷമിക്കാനുമാണ് പിതാവ് എന്നെ പഠിപ്പിച്ചത്. എനിക്ക് ആരോടും പിണക്കമില്ല സിസിലീ.'

'കർത്താവേ, നീയും ഇരുട്ടിലല്ലേ? ഇരുട്ടിന്റെ വഴിയെ എന്നെയും കൊണ്ടുപോകൂ.'

'സിസിലീ നീ പ്രകാശത്തിലേക്ക് വരൂ. ലോകം എത്ര സുന്ദരമാണെന്നോ!'

'ഞാനത് കൊറെ കണ്ടതാ. ഇരുട്ടിനോളം സുന്ദരം മറ്റൊന്നുമില്ല കർത്താവേ.'

കർത്താവ് പടത്തിലേക്കും സിസിലി ഇരുട്ടിലേക്കും മടങ്ങി. □

## ആനന്ദി രാമചന്ദ്രൻ



1941-ൽ ജനനം. പിതാവ്: മുൻ എം. എൽ. എ. യും പ്രശസ്ത അഭിഭാഷകനുമായ എസ്. ജെ. നായർ. അമ്മ: പുതുവീട്ടിൽ ഭഗവതിപിള്ള. ഭർത്തവ്: വി. രാമചന്ദ്രൻ. മക്കൾ: വിപിൻ, പ്രവീൺ, നവീൻ. തിരുവനന്തപുരം വിമെൻസ് കോളേജ്, പെരുന്താന്നി എൻ. എസ്. എസ്. കോളേജ്, എം. ജി. കോളേജ് എന്നിവിടങ്ങളിൽ വിദ്യാഭ്യാസം. എൻ. എസ്. എസ്. കോളേജിൽ കുറച്ചുകാലം അധ്യാപിക. ഒ. വി. വിജയനുമായി നടത്തിയ കത്തിടപാടുകളെ ആധാരമാക്കി വിജയന്റെ കത്തുകൾ (ഡി. സി. ബുക്സ്) എന്ന പേരിൽ പുസ്തകമാക്കിയിട്ടുണ്ട്. 2008-ലെ കേരള കലാകേന്ദ്ര സ്ത്രീരത്ന അവാർഡ്, 2012-ലെ ഇന്റർനാഷണൽ വിമെൻസ് എക്സലന്റ് അവാർഡ് എന്നിവ നേടിയിട്ടുണ്ട്. 'വൈകുന്നേരം' എന്ന കവിതാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്.

'ഇരുട്ടിന്റെ ആത്മാവ്' എന്ന ചെറുകഥ ആനന്ദി രാമചന്ദ്രന്റെ 'രാമച്ചം' എന്ന കഥാസമാഹാരത്തിൽ നിന്നെടുത്തത്.

ചിത്രം: വി. മോഹനൻ

## പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ടു് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <info@sayahna.org>.
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014